# ഭയപ്പെടേണ്ടാ,

ഇതാ, സകല ജനത്തിനും വേണ്ടിയുള്ള
വലിയ സന്തോഷത്തിന്റെ സദ്വാർത്ത
ഞാൻ നിങ്ങളെ അറിയിക്കുന്നു.

ലൂക്കാ 2,10



## വിചിന്തനം

ജനുവരി 2024

ക്രിസ്തുമസ്, പുതുവത്സര ആഘോഷങ്ങളുടെ ഊഷ്മളതയിൽ മുഴുകുമ്പോൾ, 'സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു' (ലൂക്കാ 2,10) എന്ന തിരുവചനത്തിന്റെ ആഴമായ സന്ദേശത്തെക്കുറിച്ച് ചിന്തിക്കേണ്ടത് അത്യാവശ്യമാണ്. മനുഷ്യ ചരിത്രത്തിന്റെ ഗതിയെ മാറ്റിമറിച്ച ഒരു സിനഡൽ യാത്രയാണ് ക്രിസ്തുമസ് അനാവരണം ചെയ്യുന്നത്. പുതുവർഷം പിറക്കുമ്പോൾ, ഈ സിനഡൽ യാത്രയുടെ കൃപയിലേക്ക് നമ്മെ സമർപ്പിക്കാം. അങ്ങനെ നമ്മുടെ ജീവിതം 'വലിയ സന്തോഷത്തിന്റെ സദ്വാർത്ത' കൊണ്ട് പ്രകാശപൂരിതമാകട്ടെ. ക്രിസ്തുമസ് രഹസ്യത്തിന്റെ സാരാംശം മനുഷ്യാവതാരത്തിന്റെ വിസ്മയിപ്പിക്കുന്ന സത്യമാണ്. ദൈവം തന്റെ ജനത്തിനിടയിൽ വസിക്കാൻ മനുഷ്യരൂപം സ്വീകരിക്കുന്നു. ''തന്റെ ഏകജാതനായ പുത്രൻവഴി വഴി നാം ജീവിക്കേണ്ടതിനായി ദൈവം അവനെ ലോകത്തിലേക്കയച്ചു. അങ്ങനെ, ദൈവത്തിന്റെ സ്നേഹം നമ്മുടെയിടയിൽ വെളിപ്പെട്ടിരിക്കുന്നു'' (1 യോഹ 4,9). ജോസഫിനും മറിയത്തിനും ഉണ്ടായിരുന്നതുപോലെ നമുക്കും ദൈവത്തിന്റെ നമ്മുടെ ഇടയിലെ സാന്നിധ്യം അളവറ്റ സന്തോഷത്തിന്റെയും പ്രതീക്ഷയുടെയും ഉറവിടമാണ്. ജോസഫിന്റെയും മറിയത്തിന്റെയും ഭൗതികമായ എല്ലാ പരാധീനതകളെയും നിസ്സാരവത്കരിക്കുന്നതായിരുന്നു യേശുവിന്റെ സാമീപ്യം അവർക്കു നൽകിയ സന്തോഷം. അതുപോലെ, ജീവിതത്തിൽ നാം നേരിടുന്ന വെല്ലുവിളികളിലേക്കു നോക്കി പരിതപിക്കുന്നതിനുപകരം നമ്മോടൊത്ത് വസിക്കുന്ന ദൈവത്തിലേക്കു ശ്രദ്ധ തിരിക്കുമ്പോൾ മാലാഖ പറഞ്ഞ സദ്വാർത്തയുടെ വലിയ സന്തോഷം നമ്മുടെ ഹൃദയങ്ങളിലും നിറയും. ''ദൈവം നമ്മുടെ കൂടെയെങ്കിൽ, ആരാണ് നമുക്കെതിര്?''(റോമ 8,31).

മംഗളവാർത്തയുടെ വിവരണത്തിൽ, മറിയം അചഞ്ചല വിശ്വാസത്തിന്റെയും തുറവിയുടെയും ഒരു ദീപസ്തംഭമായി മാറുന്നു. പ്രാർത്ഥനയിലും നിശ്ശബ്ദതയിലും, അവൾ ഗബ്രിയേൽ മാലാഖയെ ശ്രവിക്കുന്നു, പൂർണ്ണമായ സ്വാതന്ത്ര്യത്തിന്റെ അന്തരീക്ഷത്തിൽ മറിയം ദൈവവുമായി സംഭാഷണത്തിൽ ഏർപ്പെട്ടു. ''ഇതാ, കർത്താവിന്റെ ദാസി!'' (ലൂക്കാ 1,38) എന്ന അവളുടെ പ്രതികരണം ദൈവഹിതത്തിനു പൂർണ്ണമായ കീഴടങ്ങലിനെ സൂചിപ്പിക്കുന്നു. തുറന്ന മനസ്സോടെ, വിനയത്തോടെ, അപ്രതീക്ഷിതമായതിനെ സ്വീകരിക്കാനുള്ള സന്നദ്ധതയോടെ നമ്മുടെ സ്വന്തം സിനഡൽ യാത്രയെ സമീപിക്കാൻ മറിയത്തിന്റെ 'ഫിയാത്ത്' നമുക്ക് ഒരു മാതൃകയായി മാറുന്നു.

മറിയത്തിന്റെ ഗർഭം, സുവിശേഷങ്ങളിൽ നീതിമാൻ എന്നു വിശേഷിപ്പിക്കപ്പെടുന്ന ജോസഫിൽ, സംശയങ്ങളും ചോദ്യങ്ങളും നിറയ്ക്കുന്നു. എന്നാൽ, അനിശ്ചിതത്വത്തിനിടയിലും, അവൻ ദൈവസ്വരത്തിനു കാതോർക്കുകയും മാലാഖയിലൂടെ ലഭിച്ച മാർഗ്ഗനിർദ്ദേശം അനുസരിക്കുകയും ചെയ്യുന്നു: ''ജോസഫ് നിദ്രയിൽ നിന്ന് ഉണർന്ന്, കർത്താവിന്റെ ദൂതൻ കൽപിച്ചതുപോലെ പ്രവർത്തിച്ചു'' (മത്താ 1,24). വെല്ലുവിളികൾ നേരിടുമ്പോഴും ദൈവത്തിന്റെ പദ്ധതിയിൽ ആശ്രയിച്ചുകൊണ്ട് വിവേകപൂർവമായ പ്രാർത്ഥനയിലൂടെ ഉത്തരം കണ്ടെത്താൻ ജോസഫിന്റെ മാതൃക നമ്മെ പ്രചോദിപ്പിക്കുന്നു. സംശയങ്ങൾക്കും അനിശ്ചിതത്വങ്ങൾക്കും ഇടയിൽ ദൈവത്തെ ശ്രവിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് നമ്മെ ഓർമ്മിപ്പിച്ചുകൊണ്ട് ജോസഫിന്റെ ആനന്ദകരമായ അനുസരണം നമ്മുടെ സിനഡൽ യാത്രയുടെ മാർഗ്ഗദീപമായി മാറുന്നു.

ജോസഫും മറിയവും ബെത്‌ലെഹമിലേക്കു നടത്തുന്ന സിനഡൽ യാത്രയിൽ ധാരാളം വെല്ലുവിളികളും കഷ്ടങ്ങളും നേരിടുന്നു. 'ഒരു സത്രത്തിലും അവർക്ക് ഇടമില്ല' എന്ന നഗ്നയാഥാർത്ഥ്യത്തിലാണ് ഈ വെല്ലുവിളികൾ അതിന്റെ പാരമ്യത്തിൽ എത്തുന്നത്. എങ്കിലും, ഒരു തൊഴുത്തിന്റെ തീർത്തും ലളിതമായ ചുറ്റുപാടുകൾക്കുള്ളിൽ, പുൽത്തൊട്ടിയുടെ നിശബ്ദത സൗന്ദര്യത്തിൽ, ആ ദൈവിക ആനന്ദം ലോകത്തിനു വെളിപ്പെടുന്നു. നമ്മുടെ യാത്രയും വെല്ലുവിളികൾ നിറഞ്ഞതായിരിക്കാം, എന്നാൽ, 'അടഞ്ഞ വാതിലിൽ' നിന്നു അടിയുറച്ചവിശ്വാസത്തോടെ ചുവടു വച്ചാൽ നാം എത്തുന്നത് പുൽത്തൊട്ടിക്കു സമീപമായിരിക്കും, അവിടെവച്ച് കർത്താവ് നമ്മെ ആനന്ദത്താൽ പൂരിതരാക്കും.

ദരിദ്രരായ ആട്ടിടയൻമാർ, മാലാഖമാരുടെ വിളംബരം ശ്രവിക്കുന്നു. അവർ തുറവിയും ആനന്ദവും നിറഞ്ഞവരും ദൈവത്തെ അന്വേഷിക്കുന്നവരും ആയിരുന്നു. അവരുടെ ലാളിത്യം 'വലിയ സന്തോഷത്തിന്റെ' ഈ സദ്വാർത്തയിൽ നിന്ന് ഒരാളും മാറ്റിനിർത്തപ്പെടുന്നില്ല എന്നതിന്റെ ഓർമ്മപ്പെടുത്തലാണ്. അതുപോലെ, ജ്ഞാനികളായ മൂന്നു രാജാക്കന്മാർ, ഒരു നക്ഷത്രത്താൽ നയിക്കപ്പെട്ട്, ദിവ്യശിശുവിനെ കണ്ടെത്താനായി ഒരു യാത്രയിൽ പങ്കുകാരാകുന്നു. അന്വേഷിക്കാനും കണ്ടെത്താനുമുള്ള ഉത്തമമായ താത്പര്യം അവരെ ഉണ്ണിയേശുവിന്റെ അടുത്ത് എത്തിക്കുകയും 'മറ്റൊരു വഴിയിലൂടെ' മടങ്ങാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. തുറന്ന ഹൃദയത്തോടെയും പ്രത്യാശയോടെയും നമ്മുടെ സിനഡൽ യാത്രയെ സമീപിക്കാനും ദൈവവുമായുള്ള കണ്ടുമുട്ടൽ അനുഭവത്തിലൂടെ രൂപാന്തരപ്പെടാനും ആട്ടിടയന്മാരും ജ്ഞാനികളായ രാജാക്കന്മാരും നമ്മെ പ്രചോദിപ്പിക്കുന്നു.

ക്രിസ്തുമസിൽ നിന്ന് പ്രത്യക്ഷീകരണത്തിലേക്കു (Epiphany) നീങ്ങുമ്പോൾ, 'പുൽത്തൊട്ടി'യിലേക്കുള്ള സിനഡൽ യാത്രയുടെ പാഠങ്ങൾ നമ്മുടെ ദൈനംദിന ജീവിതത്തിലേക്കു പകർത്താം. വിശ്വാസത്തോടെയും തുറന്ന മനസ്സോടെയും, ദൈവസ്നേഹത്തിന്റെ ആഴങ്ങൾതേടാം. അങ്ങനെ, ജീവിതത്തിന്റെ സങ്കീർണതകൾക്കിടയിലും ശാന്തതയും ദൈവിക സമാധാനവും കണ്ടെത്തി 'വലിയ സന്തോഷത്തിന്റെ സദ്വാർത്ത' ഒരു നിലനിൽക്കുന്ന അനുഭവമാക്കാം.

ബിഷപ് ഡോ.അലക്സ് വടക്കുംതല

കണ്ണൂർ രൂപതാ മെത്രാനും, ഇന്ത്യയിലെ ജീസസ് യൂത്ത് സഭാത്മക ഉപദേഷ്ടാവുമാണ്